**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1467** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ട്രഷറി തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ട്രഷറിയിൽ ഉണ്ടായിരുന്ന തുക എത്രയെന്ന വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരമേറ്റ 18.05.2026-ൽ ട്രഷറി Opening Balance 2,211.93 കോടി രൂപ ആയിരുന്നു.

**(ബി)** കഴിഞ്ഞ സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോൾ എത്ര തുകയാണ് ബാധ്യത ഇനത്തിൽ നിലവിലുണ്ടായിരുന്നത് ;

**<u>മറുപടി:</u>** ക്ഷാമബത്ത കുടിശ്ശികയിനത്തിൽ 21,670 കോടി രൂപ, ക്ഷാമാശ്വാസ കുടിശ്ശികയിനത്തിൽ 14,387 കോടി രൂപ, ബിൽ ഡിസ്കൗണ്ടിംഗ് വഴി ബാങ്കുകൾക്കും കരാറുകാർക്കുമായി നൽകാനുള്ള 3,431 കോടി രൂപ, യു.ജി.സി. ക്ഷാമബത്ത കുടിശ്ശിക 1,500 കോടി രൂപ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി / കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവയുടെ ക്ലെയിം ഇനത്തിൽ 2,017 കോടി രൂപ, കെ.എം.എസ്.സി.എൽ. –ന് 476 കോടി രൂപ, പട്ടികജാതി/പട്ടിക വർഗ്ഗ സ്കോളർഷിപ്പ് കുടിശ്ശികയിനത്തിൽ 377 കോടി രൂപ, തദ്ദേശ സ്വയംഭരണ വികസന ഫണ്ട് മൂന്നാം ഗഡുവായി 1,982 കോടി രൂപ, സപ്ലൈകോയുടെ കുടിശ്ശികയിനത്തൽ 2,893 കോടി രൂപ പെൻഷൻ കമ്പനിയുടെ ബാധ്യത 17,279 കോടി രൂപ, കൂടാതെ കിഫ്ബിയുടെ ബാധ്യതയായ 21,000 കോടി രൂപ എന്നീ ഇനങ്ങളിൽ 2026 മാർച്ച് 31 വരെ ആകെ 87,012 കോടി രൂപയുടെ ബാധ്യതയാണ് സർക്കാരിലേയ്ക്ക് വന്നു ചേർന്നിട്ടുള്ളത്. ഇതിനു പുറമേ ഏകദേശം 35,000 കോടി രൂപ ചെലവ് വരുന്ന കിഫ്ബിയുടെ പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തേണ്ടതിന്റെ ബാധ്യതയും ഈ സർക്കാരിന്റെ ചുമലിലാണ്. സർക്കാരിന്റെ പൊതുകടം, പൊതുകണക്കിലെ ബാധ്യത എന്നീ ഇനങ്ങളിലെ ബാധ്യതകൾ മേൽ കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**(സി)** ഈ ബാധ്യതകൾ തീർക്കാൻ നടപടികൾ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാനപ്പെട്ടവ വെളിപ്പെടുത്താമോ?

**മറുപടി:** സർക്കാർ സാമ്പത്തിക ഞെരുക്കം അഭിമുഖീകരിക്കുന്നു എന്നത് വസ്തുതയാണ്. നിലവിലെ പ്രതികൂല സാഹചര്യം ഹ്രസ്വകാല, ദീർഘകാല നടപടികളിലൂടെ തരണം ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നികുതി, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനൊപ്പം തന്നെ, നികുതി ചോർച്ചയും വരുമാന ചോർച്ചയും തടയുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കും. സർക്കാരിന്റെ ചെലവുകൾക്ക് കൃത്യമായ മുൻഗണന നിശ്ചയിച്ച് അവ വരവുമായി പൊരുത്തപ്പെടുത്തുകയും, എല്ലാ മേഖലകളിലും കർശനമായ സാമ്പത്തിക അച്ചടക്കം പുലർത്തുകയും ചെയ്യും. എന്നാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതകളും ഘടനാപരമായ മാറ്റങ്ങളും പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കില്ലെന്ന തിരിച്ചറിവോടെ, ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്ഘടനയുടെ സമഗ്രമായ പുനരുജ്ജീവനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് വിവിധ മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാനും, അതുവഴി ഖജനാവിൽ ധനസമാഹരണം നടത്തി ആ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ കാഴ്ചപ്പാട് മുൻനിർത്തി അടിസ്ഥാന സൗകര്യ വികസനത്തിന് പ്രഥമ പരിഗണന നൽകുന്നതോടൊപ്പം, ജനക്ഷേമ പദ്ധതികൾ മുടങ്ങാതെ മുന്നോട്ടുകൊണ്ടുപോകാനും തൊഴിൽ, നിക്ഷേപം, വികസനം എന്നിവ കേന്ദ്രീകരിച്ചുള്ള സുസ്ഥിര സാമ്പത്തിക വളർച്ച കൈവരിക്കാനുമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

**സെക്ഷൻ ഓഫീസർ**